**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 212** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഹോട്ടലുകളിലെ ആഹാരപദാർത്ഥങ്ങളുടെ ശുചിത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകളിലെ ആഹാരപദാർത്ഥങ്ങളുടെ ശുദ്ധതയും ശുചിത്വവും ഉറപ്പ വരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകളിലെ ആഹാര പദാർത്ഥങ്ങളുടെ ശുദ്ധതയും ശുചിത്വവും ഉറപ്പുവരുത്തുകയും അത് വഴി സുരക്ഷിതമായ ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തി വരുന്നു. ഇത്തരം പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നോട്ടീസ് (റെക്റ്റിഫിക്കേഷൻ/ ഇംപ്രൂവ്മെന്റ്), പിഴ അടപ്പിക്കൽ, ക്ലോഷർ, പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷ കാലയളവിൽ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/ റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 14385 പരിശോധനകൾ നടത്തുകയും 3139 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും, ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 355 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് മുന്നോടിയായി ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥാപനം പരിശോധിച്ച് ശുചിത്വം ഉറപ്പാക്കി സാനിട്ടറി സർട്ടിഫിക്കറ്റ് നൽകുന്നു. |
| (ബി) | ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഇതിനു വേണ്ട പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് പുതിയ പബ്ലിക്ക് ഹെൽത്ത് ഓർഡിനൻസ് അനുസരിച്ച് ആഹാര സാധനങ്ങൾ ഉണ്ടാക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും വേണ്ട പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് ഹോട്ടലുകളിൽ പരിശോധന നടത്തുന്നതിനായി വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ? | (സി) | ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് **ഹോട്ടലുകളിൽ പരിശോധന നടത്തുന്നതിനായി ബ്ലോക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വാഹന സൗകര്യം ലഭ്യമാണ്. വാഹന സൗകര്യം ഇല്ലാത്തയിടങ്ങളിൽ** |

| | | | |
|---|---|---|---|
| | | | **അഭ്യർത്ഥന പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനം ഉപയോഗിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ